# ടിസിഎസ് ഐടിവിസ് ക്വിസ് മത്സരം

കൊച്ചി: ഐടിസേവനരംഗത്തെ മുൻനിരക്കാരായ ടാറ്റ കൺസൾട്ടൻസി സർവീസസ് (ടിസിഎസ്) സംഘടിപ്പിക്കുന്ന ടിസിഎസ്ഐടിവിസ് 2016 കിസ്മത്സരംഒക്ടോബർ അഞ്ചിന് കൊച്ചിയിൽ കലൂർഗോകുലം പാർക്ക് ആന്റ് കൺവെൻഷൻ സെന്ററിൽ വച്ചു നടക്കും. സ്കൂൾ കുട്ടികൾക്കായി നടത്തുന്ന രാജ്യത്തെ ഏറ്റവും വലിയ ടെക്നോളജി കിസ് മത്സരമാണിത്.

എട്ടാം തരംമുതൽ പന്ത്രണ്ടാം തരം വരെ പഠിക്കുന്ന വിദ്യാർഥികൾക്കാണ് കിസ് മത്സരത്തിൽ പങ്കെടുക്കാൻ അവസരം. പ്രവേശനഫീസില്ല. ഓരോ വിദ്യാഭ്യാസസ്ഥാപനത്തിനും രണ്ടു പേരടങ്ങുന്ന പരമാവധി എട്ടു ടീമുകളെ മത്സരത്തിനായി അയയ്ക്കാം.

എൻട്രികൾ ഒക്റ്റോബർ മൂന്നിനു മുൻപായി ടിസിഎസ്ഐടിവിസ്കോർഡിനേറ്റർ, ടാറ്റ കൺസൾട്ടൻസി സർവീസസ്, ടിസിഎസ് സെന്റർസെസ്യൂണിറ്റ്, ഇൻഫോപാർക്ക് കൊച്ചി 682042 എന്ന വിലാസത്തിൽ അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്കായി 8547894433 എന്ന നമ്പറിൽ ബന്ധപ്പെടുക.